# കേരള സർവകലാശാല

നം. പി.ആർ.122/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് പരീക്ഷാഫലം

2017 ഡിസംബറിൽ നടന്ന എട്ടാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് (2008-സ്കീം സപ്ലിമെന്ററി)പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ പരീക്ഷാഫലം

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ,2018 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ബി.എ(വിദൂര വിദ്യാഭ്യാസം)എന്നീ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 30. പരീക്ഷാഫലം വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ ലഭ്യമാണ്.

## ബി.എ.എസ്.എൽ.പി പരീക്ഷാഫലം

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ.എസ്.എൽ.പി( സി.ബി.സി.എസ്.എസ് സ്ട്രീം ആന്റ് ഓൾഡ് സ്കീം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 14.

## പഞ്ചവത്സര എം.ബി.എ(ഇന്റഗ്രേറ്റഡ്)/ബി.എ -എം.എ.എം- ടൈംടേബിൾ

2018 ജൂൺ / ജൂലൈ മാസങ്ങളിൽ നടക്കുന്ന ഒന്ന് ,മൂന്ന് ,അഞ്ച് പഞ്ചവത്സര എം.ബി.എ(ഇന്റഗ്രേറ്റഡ്)/ബി.എ -എം.എ.എം പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) പരീക്ഷാഫലം

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ.ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി) (2016-2018ബാച്ച്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 16.

## ബി.ടെക് (2008 സ്കീം) ഫലം

2017 ഡിസംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) (സപ്ലിമെന്ററി, ട്രാൻസിറ്ററി, മേഴ്സിചാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി ജൂൺ 14.

## എം.എച്ച് .എ ടൈംടേബിൾ

വിദൂരവിദ്യാഭ്യാസ കേന്ദ്രം 2018 ജൂൺ 21 ന് ആരംഭിക്കുന്ന മൂന്നാം വർഷ എം. എച്ച് .എ(റഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കേരള സർവകലാശാല ജയിൽ അന്തേവാസികൾക്കായി സർട്ടിഫിക്കേറ്റ് കോഴ്സുകൾ ആരംഭിക്കുന്നു.

ഇൻഡ്യയിൽ ആദ്യമായി ജയിൽ അന്തേവാസികൾക്കായി കേരള സർവകലാശാല സർട്ടിഫിക്കേറ്റ് കോഴ്സുകൾ ആരംഭിക്കുന്നു.

വിധി വൈപര്യത്താൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വിട്ടു നിൽക്കുന്ന ജയിൽ അന്തേവാസികൾക്ക് ജീവിതത്തിലേക്കുള്ള പ്രതീക്ഷയും ശുഭാപ്തി വിശ്വാസവും തൊഴിൽ നൈപുണ്യവും നൽകുക എന്ന ലക്ഷ്യത്തോടെ കേരള സർവകലാശാലയുടെ കീഴിലുള്ള തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം (CACEE) ജയിൽ വകുപ്പുമായി ചേർന്നാണ് എട്ടോളം കോഴ്സുകൾ ആരംഭിക്കുന്നത്.ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം പൂജപ്പുര സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ വച്ച് ജൂൺ 30 ന് ബഹു: വിദ്യാഭ്യാസ മന്ത്രി ശ്രീ.സി.രവീന്ദ്രനാഥ് നിർവഹിച്ചു.

സർവകലാശാല വൈസ്ചാൻസലർ ഇൻ ചാർജ് ഡോ.സി.ഗണേഷ് ആദ്ധ്യക്ഷ്യം വഹിച്ച ചടങ്ങിൽ ജയിൽ ഡി.ജി.പി ശ്രീമതി ആർ.ശ്രീലേഖ മുഖ്യ പ്രഭാഷണം നടത്തി.കോളേജ് ഡെവലപ്മെന്റ് ഡയറക്ടറും CACEE ഡയറക്ടർ ഇൻ ചാർജുമായ ഡോ.എം.ജയപ്രകാശ് സ്വാഗതവും പ്രിസൺസ് ഐ.ജി ശ്രീ. എച്ച്. ഗോപകുമാർ, ദക്ഷിണ മേഖല ജയിൽ ഡി.ഐ.ജി ശ്രീ.ബി.പ്രദീപ്, ഉത്തര മേഖല ജയിൽ ഡി.ഐ.ജി ശ്രീ.എസ്.സന്തോഷ് എന്നിവർ ആശംസയും അർപ്പിച്ചു.

(ഫോട്ടോ ഇ മെയിൽ ചെയ്തിട്ടുണ്ട്)

## മാസ്റ്റർ ഓഫ് വിഷ്വൽ ആർട്ട്സ് പ്രവേശനം

സർവകലാശാലയുടെ കീഴിലുള്ള രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്ട്സിൽ മാസ്റ്റർ ഓഫ് വിഷ്വൽ ആർട്ട്സ് ഇൻ പെയിന്റിംഗ്, മാസ്റ്റർ ഓഫ് വിഷ്വൽ ആർട്ട്സ് ഇൻ ആർട്ട് ഹിസ്റ്ററി എന്നീ കോഴ്സുകളിലേക്ക് 2018–19 വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ജൂലൈ 25.അപേക്ഷ ഫോമും വിജ്ഞാപനവും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം-തിരുത്തലുകൾക്ക് അവസരം

ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള (2018–2019)ഓൺലൈൻ രജിസ്ട്രേഷൻ അപേക്ഷയിൽ അക്കാദമിക് വിവരങ്ങളിൽ തിരുത്തലുകൾ വരുത്തുവാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു.മെയ് 31 മുതൽ ജൂൺ 4 വരെ തിരുത്തലുകൾ വരുത്തുവുന്നതാണ്. തിരുത്തലുകൾ വരുത്തികഴിഞ്ഞ് Save and

**Refresh നൽകിയശേഷം Submit ചെയ്ത് പുതിയ പ്രിന്റ് ഔട്ട് എടുത്ത് തുടർ ഉപയോഗങ്ങൾക്കായി സൂക്ഷിക്കുക.ഇതിനോടകം തന്നെ സ്പോർട്സ്, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് വിവിധ കോളേജുകളിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ വിദ്യാർത്ഥികൾ തിരുത്തലുകൾ വരുത്തുന്നുണ്ടെങ്കിൽ പുതിയ പ്രിന്റ് ഔട്ട് ബന്ധപ്പെട്ട കോളേജിൽ/ കോളേജുകളിൽ സമർപ്പിക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 8ന് അവസാനിക്കുന്നതാണ്. ഓൺലൈൻഅപേക്ഷയുടെ പകർപ്പുകൾ സർവകലാശാലയ്ക്ക് അയക്കേണ്ടതില്ല.**

<u>ഒന്നാം വർഷ ബിരുദ പ്രവേശനം 2018.</u>

**<u>വിവിധ യു.ഐ.ടി.കളിൽ പുതിയ കോഴ്സുകൾ – ഓൺലൈനായി അപേക്ഷിക്കാം</u>**

കേരള സർവകലാശാലയുടെ വിവിധ യു.ഐ.ടി.കളിൽ ബിരുദപഠനത്തിന് പുതിയ കോഴ്സുകൾ അനുവദിച്ചിരിക്കുന്നു.

- വെള്ളറട
  1. ബി.എസ്.സി.ഫിസിക്സ് & കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (45 സീറ്റ്)
  2. ബി.എ. ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (45 സീറ്റ്)
- കരുവാറ്റ
  1. ബി.കോം ടാക്സ് പ്രൊസീജ്യർ & പ്രാക്ടീസ് (45 സീറ്റ്)
  2. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (45 സീറ്റ്)
- പത്തനാപുരം

  ബി.ബി.എ. (45 സീറ്റ്)
- ആലപ്പുഴ

  ബി.കോം കോ–ഓപ്പറേഷൻ (45 സീറ്റ്)
- പാറശ്ശാല

1. ബി.എ.മലയാളം & മാസ്സ് കമ്മ്യൂണിക്കേഷൻ (30 സീറ്റ്)
2. ബി.എസ്.സി. ഇലക്ട്രോണിക്സ് (30 സീറ്റ്)

താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. നിലവിൽ അപേക്ഷ സമർപ്പിച്ച് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷയിൽ ഓപ്ഷനായി ഈ കോഴ്സുകൾ ചേർക്കാവുന്നതാണ്. പുതുതായി കോഴ്സുകൾ ചേർത്ത് കഴിഞ്ഞ് Save & Refresh നൽകി Submit ചെയ്ത് പുതിയ പ്രിന്റൗട്ട് എടുത്ത് തുടർആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.

ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2018 ജൂൺ എട്ടാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## സർവകലാശാല ലൈബ്രറി സുവനീർപ്രകാശനവും യാത്രയയപ്പും

**സർവകലാശാല_ലൈബ്രറി 75-ാം വാർഷിക സുവനീർ മെയ് 31ന് രാവിലെ 10.30ന് ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് പ്രകാശനം ചെയ്യും. സർവകലാശാല_ലൈബ്രറിയിൽ വൈസ് ചാൻസിലർ ഗോപിനാഥ് രവീന്ദ്രന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ഡോ.ഡി.ബാബു പോൾ സുവനീർ എറ്റുവാങ്ങും. ലൈബ്രറി പ്രസിദ്ധീകരിക്കുന്ന ഒ.എൻ.വി ഗ്രന്ഥസൂചിയുടെ പ്രകാശനം വൈസ് ചാൻസിലർ നിർവ്വഹിക്കും. എഷ്യാ നെറ്റ് ന്യൂസ് എഡിറ്റർ എം ജി രാധാകൃഷ്ണൻ എറ്റുവാങ്ങും. സർവ്വീസിൽ നിന്നും വിരമിക്കുന്ന യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ-ചാർജ് ശ്രീ.എ. ഹംസ , ഡെപ്യൂട്ടി ലൈബ്രേറിയൻ ശ്രീമതി. സുജിതകുമാരി എന്നിവർക്ക് മന്ത്രി ഡോ. തോമസ് ഐസക് ഉപഹാരങ്ങൾ സമ്മാനിക്കും. മുൻ സിൻഡിക്കേറ്റ് അംഗം അഡ്വക്കേറ്റ് കെ എച്ച് ബാബു ജാൻ, ഓറിയന്റൽ ഫാക്കൽറ്റി ഡീൻ ഡോ. സി. ആർ പ്രസാദ്, സർവകലാശാല ഗവേഷക യൂണിയൻ ചെയർമാൻ കെ. പി. വിഷ്ണു തുടങ്ങിയവർ ആശംസകൾ നേരും.**

തിരുവനന്തപുരം.
30.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**